| (1) | (2) |
|---|---|
| ആലപ്പുഴ | 38 |
| കോട്ടയം | 11 |
| ഇടുക്കി | 6 |
| എറണാകുളം | ... |
| തൃശ്ശൂർ | ... |
| പാലക്കാട് | 112 |
| മലപ്പുറം | 73 |
| കോഴിക്കോട് | 17 |
| വയനാട് | ... |
| കണ്ണൂർ | ... |
| കാസർഗോഡ് | ... |

## ഗ്രീൻ ഫിനാൻസ്

162(2363) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഗ്രീൻ ഫിനാൻസ് എന്ന പേരിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനും 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 10.00 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളിലെ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്കുള്ള സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും വിശദമായ പഠനം നടത്തുന്നതിനും കൊൽക്കത്ത ആസ്ഥാനമായ ഏണസ്റ്റ് ആന്റ് യങ് എന്ന സ്ഥാപനത്തെ കെ.എസ്.ഐ.ഡി.സി. ചുമതലപ്പെടുത്തുകയുണ്ടായി. ഏണസ്റ്റ് ആന്റ് യങ് പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളെക്കുറിച്ചും അവയ്ക്കാവശ്യമായ ധനസഹായം എങ്ങനെ നടപ്പാക്കാം എന്നതിനെക്കുറിച്ചും വിശദമായ പഠനം നടത്തുകയും ഇവയ്ക്കെല്ലാമുൾപ്പെടുന്ന ഒരു പഠന റിപ്പോർട്ട് കെ.എസ്.ഐ.ഡി.സി.യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly